(*b*) whether Government have given any ruling on the issue raised in the matter of interpretation of the rule?

Rama Varmha Tampuran *(Secretary to Government)*: (*a*) Yes.
(*b*) No.

CENSUS FIGURES—POPULATION IN CERTAIN VILLAGES

176. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യത്തിനു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

ഫുൾഡ്-ലെ കാനേഷുമാരി കണക്കുപ്രകാരം നെമ്മാറ, വല്ലങ്ങി, അയിലൂർ, കയറാടി, തിരുവഴിയാട്ട്, പോത്തുണ്ടി എന്നീ വില്ലേജുകളിലോരോന്നിലേയും ജനസംഖ്യ എത്രയെന്നു പറയാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ:

നെമ്മാറ	൩,൨൯൫	കയറാടി	൫,൭൪൪
വല്ലങ്ങി	൪,൨൪൩	തിരുവഴിയാട്ട്	൨,൧൩൭
അയിലൂർ	൪,൩൩൦	പോത്തുണ്ടി	൨൪൭

ANCHAL TO CHERUVIRUTHI—TIME REQUIRED

177. Mr. K. Kunhirama Menon *(Cheruthuruthi)*: Will Government be pleased to state.—

(*a*) the train which carries Anchal to Cheruviruthi;

(*b*) the time required, according to the present arrangements for a letter posted at Ernakulam to reach (1) Cheruviruthi (2) Chittur?

Mr. C. J. Mathew *(Joint Secretary to Government)*:

(*a*) It is train No. 925 (last train) which leaves Cochin Harbour Terminus Station at 5-45 p.m. and reaches Shoranur at 10-26 p.m.

(*b*) (1) A letter posted at Ernakulam before 5-20 p.m. reaches Cheruviruthi Anchal Office the same day at 11 p.m. and it is delivered the next morning.

(2) A letter posted at Ernakulam before 5-20 p.m. reaches Chittur at 9-30 a.m. next morning.

PROBLEM OF BEGGARS—SOLUTION OF

178. Mr. A. V. Moothedan *(Chalakkudi)*: Will Government be pleased to state.—

(*a*) what they have done so far for solving the problem of relief to the beggars;

(*b*) have Government approached the Travancore Government and the Government of Madras for concerted action in the matter?

Mr. C. J. Mathew *(Joint Secretary to Government)*: (*a*) and (*b*) The whole question is under consideration of the Government.

SUSPENSION OF A MUNICIPAL MAISTRY WITHOUT CALLING FOR EXPLANATION

179. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ മകരമാസത്തിൽ മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തിരുന്ന പി. നീലകണ്ഠൻ എന്ന ഒരു സാനിറ്ററി മേസ്ത്രിയെ എക്സ്പ്ലനേഷൻ കൂടാതെ സസ്പെണ്ടു ചെയ്തതു് എന്തുകൊണ്ടു്;

(ബി) ഈ നീലകണ്ഠന്റെ പേരിൽ ഇതിനു മുമ്പു വല്ല നടപടിക്കുറ്റങ്ങളും അധികാരികൾ രേഖപ്പെടുത്തീട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്തു്?

മിസ്റ്റർ സി. ജെ. മാത്യു: (എ) മേലധികാരികളോടുള്ള ധിക്കാരമായ പെരുമാറ്റത്തിനും ജോലിയിൽ ഉപേക്ഷകാണിച്ചതിനും.

(ബി) ഉണ്ടു്.

(സി) രണ്ടു തവണ താക്കീതു ചെയ്തിട്ടുണ്ടു്. ഒരു തവണ പിഴയും കല്പിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. കൃഷ്ണൻ: മേലധികാരികളോട് ധിക്കാരമായി പെരുമാറി എന്നു പറയുന്നു; അതെന്താണ്?

മിസ്റ്റർ സി. ജെ. മാത്യു: ഒരു ദിവസം സാനിട്ടറി ഇൻസ്പെക്ടർ ആപ്പീസ്സിൽചെന്ന സമയം ആ മേസ്ത്രി ആഫീസു മുറിയിൽ കിടന്നു് ഉറങ്ങുകയായിരുന്നു. അപ്പോൾ അയാളോടു് എഴുന്നേല്ക്കുവാൻ സാനിട്ടറി ഇൻസ്പെക്ടർ ആവശ്യപ്പെട്ടു. അയാൾ എഴുന്നേറ്റില്ല. വേറെ ഒരാളെ വിളിച്ചു് അയാളെ പുറത്തേക്കു കൊണ്ടുപോകുവാൻ പറഞ്ഞു. എന്നിട്ടും അയാൾ എഴുന്നേറ്റുപോയില്ല. കൂട്ടാക്കാതെ അവിടെയിരുന്നുകൊണ്ടുതന്നെ ധിക്കാരമായി പലതും പറയുകയുണ്ടായി.

മിസ്റ്റർ വി. കെ. കുട്ടി: അയാളോടു സമാധാനം ചോദിക്കുകയുണ്ടായോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല. ധിക്കാരമായി സംസാരിച്ചുവെന്നാണു റിപ്പോർട്ടു്. അതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടു്.

റാവു സാഹിബു് കെ. അയ്യപ്പൻ: സാധാരണക്കാർ പെരുമാറിയതുപോലെ പെരുമാറിയെന്നോ, അതോ അയാൾ പുലയനായതുകൊണ്ടു് കൂടുതൽ ആദരവു കാണിക്കേണ്ടതായിട്ടുണ്ടെന്നോ എന്താണു റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ സി. ജെ. മാത്യു: അയാൾ വളരെ ആഭാസമായി സാനിട്ടറി ഇൻസ്പെക്ടരോടു സംസാരിച്ചുവെന്നാണു റിപ്പോർട്ടു്.

മിസ്റ്റർ വി. കെ. കുട്ടി: ഈ കുറ്റംചെയ്യുവാൻ കാരണമെന്താണെന്നു് അയാളോടു ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇപ്പോൾ ചോദിച്ചിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: ഇല്ല, ചോദിച്ചിട്ടില്ല.

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ടെന്നു ഞാൻ പറയുന്നു!

മിസ്റ്റർ ഇസ്മായിൽഹാജി ഈസാ സേട്ട്: ആഭാസമായ വാക്കുകൾ ഉപയോഗിച്ചുവെന്നു റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: സാനിട്ടറി ഇൻസ്പെക്ടർ വന്നപ്പോൾ എഴുന്നേറ്റില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല. അയാൾ ഉറങ്ങുകയായിരുന്നു. എഴുന്നേല്ക്കുവാൻ പറഞ്ഞിട്ടും കൂട്ടാക്കിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര മണിക്കാണു് അയാൾ ആഫീസിൽ ജോലിക്കു ചെല്ലേണ്ടതു്?

മിസ്റ്റർ സി. ജെ. മാത്യു: അതു് ഒരു ഡെപ്പോ ആണു്. അവിടെ ആറു മണിക്കു ജോലിക്കു പോകണം.

മിസ്റ്റർ പി. കെ. കൃഷ്ണൻ: ആ മേസ്ത്രി എഴുന്നേറ്റു വേണ്ട ആദരവുകളെല്ലാം ചെയ്തു. എന്നിട്ടു്.....

മിസ്റ്റർ സി. ജെ. മാത്യു: ഇല്ലെന്നാണു റിപ്പോർട്ടു്. സാനിട്ടറി ഇൻസ്പെക്ടർ വിളിച്ചുണർത്തീട്ടും കൂട്ടാക്കാതെ കിടന്നു. എന്നിട്ടാണു് വേറെ ഒരാളെ വിളിച്ചു് അയാളെ പുറത്തേക്കു കൊണ്ടുപോകുവാൻ പറഞ്ഞതു്. അതും വകവെക്കാതെയാണു് അയാൾ ധിക്കാരമായി സംസാരിച്ചതു് എന്നാണു റിപ്പോർട്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആറു മണിയെന്നു പറഞ്ഞതു പുതിയ ആറു മണിയൊ പഴയ ആറു മണിയൊ?

മിസ്റ്റർ സി. ജെ. മാത്യു: പുതിയ സമയം ആറു മണിക്കു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുതിയ സമയം ആറു മണിക്കു സാനിട്ടറി ഇൻസ്പെക്ടർ ആഫീസ്സിൽ പോയിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപ്പോൾ മേസ്ത്രി അതിലും നേരത്തെ വന്നിരിക്കണം.

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വു് നേരത്തെ വന്നിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അയാൾ നേരത്തെ വന്ന സ്ഥിതിക്ക് ജോലിചെയ്യുന്നതിൽ കണിശക്കാരനാണെന്നല്ലേ വിചാരിക്കേണ്ടത്? നേരത്തെ പോയതുകൊണ്ട് കിടന്നറങ്ങി. അതു കുറ്റമാണോ?

മിസ്റ്റർ സി. ജെ. മാത്യു: ജോലിസമയമായിട്ടും എഴുന്നേല്ക്കാത്തതുകൊണ്ട്, മേസ്ത്രി ജോലിചെയ്യുന്നകാര്യത്തിൽ കണിശക്കാരനാണ് എന്നു വിചാരിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാനിട്ടറി ഇൻസ്പെക്ടർ ഏതു സമുദായത്തിൽപെട്ട ആളാണ്?

മിസ്റ്റർ സി. ജെ. മാത്യു: നായരാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മേസ്ത്രി പുലയനായതുകൊണ്ടാണ് അങ്ങിനെ റിപ്പോർട്ടുണ്ടായതെന്നു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: മേസ്ത്രിയുടെ മകൾ ഹർജി കിട്ടിയിട്ടുണ്ട്.

മിസ്റ്റർ കെ. ടി. അച്യുതൻ: അയാളെപ്പറ്റി വേറെ നടപടിക്കുറ്റങ്ങൾ ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ടെന്നു പറയുന്നു. അതു് എന്തെല്ലാം കുറ്റങ്ങളാണ്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: താക്കീതുചെയ്തതു രേഖപ്രകാരമാണോ?

മിസ്റ്റർ സി. ജെ. മാത്യു: അതെ. രണ്ടു തവണ താക്കീതു ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനു രേഖയുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്. രണ്ടു തവണ താക്കീതുചെയ്തിട്ടുണ്ട്. ഒരു തവണ ഫയിനിടുകയുമുണ്ടായി. എത്ര ഉറുപ്പികയാണ് ഫയിനിട്ടതു് എന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരാണ് ഫയിൻചെയ്തതു്?

മിസ്റ്റർ സി. ജെ. മാത്യു: കമ്മിഷണരാണ്.

Mr. K. S. Panicker *(Ezhuvas-Mukundapuram)*: Was it on the recommendation of the Sanitary Inspector?

മിസ്റ്റർ ഇസ്മായിൽഹാജി ഈസാസേട്ട്: കമ്മിഷണർ ഈ കാര്യം അന്വേഷിച്ചു ഗവൺമെണ്ടിലേക്ക് എഴുതി അയച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: അന്വേഷിക്കുന്നുണ്ടെന്നു റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

Mr. C. V. Iyyu *(Kunnamkulam)*: May I know whether the assertion of the Hon'ble Member for the Depressed Classes that no explanation was called for has been enquired into by Government?

Mr. C. J. Mathew *(Joint Secretary to Government)*: When he was suspended, no explanation was taken. But he was suspended pending enquiry, and now he is asked to submit his explanation. The matter is being enquired into.

ARTICLE IN THE MALABAR MAIL DATED 15th THULAM 1118

180. മിസ്റ്റർ വി. കെ. കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ദയവുണ്ടായി ഗവൺമെണ്ടു് മറുപടി പറയുമോ.—

(എ) [illegible] താലൂക്കിലെ മലബാർമെയിലിൽ എറണാകുളം വർത്തമാനത്തിൽ കാണുന്ന താഴെപറയുന്നഭാഗം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

"എന്തുകൊണ്ടാണ് അങ്ങാടിയിൽ അരി കിട്ടാതായിരിക്കുന്നു. പീടികകളിൽ തിരക്കിയാൽ അരി സ്റ്റാക്കില്ലെന്നാണ് മറുപടി. ഇതേസമയംതന്നെ ചാക്കൊന്നിന് 2 രൂ. 4 വീതം കൊടുത്താൽ ഒന്നാംതരം അരിയും 2 രൂ. 4 വീതം കൊടുത്താൽ രണ്ടാംതരം അരിയും കിട്ടുമെന്നു് ആളുകൾ പറയുന്നു."

(ബി) ഇതിനെപ്പറ്റി സിവിൽസപ്ലൈകമ്മിഷണരോ, പോലീസ്സോ വല്ല അന്വേഷണവും നടത്തിയൊ;

(സി) കച്ചവടക്കാരുടെമേൽ വല്ല നടപടിയും ഇതിന്മേൽ ഗവൺമെണ്ടു നടത്തിയൊ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ എം. എം. പോൾ: (എ) ഉണ്ട്.

(ബി) ഉവ്വ്.

(സി) ഇല്ല. നടപടി എടുക്കേണ്ട ആവശ്യം ഒന്നുമുണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly